REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-06-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- കേന്ദ്ര ഗവൺമെന്റ് രൂപീകരണം ചർച്ച ചെയ്യാനും തുടർ നടപടികൾ തീരുമാനിക്കാനും NDA, ഇൻഡി സഖ്യം യോഗങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ.
- NDA യോഗത്തിൽ പങ്കെടുക്കാൻ തെലുഗുദേശം നേതാവ് N. ചന്ദ്രബാബു നായിഡുവും JDU പ്രസിഡന്റ് നിതീഷ് കുമാറും ഡൽഹിയിലേക്ക് പുറപ്പെട്ടു.
- ഇന്ന് ലോക പരിസ്ഥിതി ദിനം.
- സുസ്ഥിരതയിൽ അധിഷ്ഠിതമായ മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കാൻ കൂട്ടായ ശ്രമങ്ങൾ വേണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- 'ഭൂമി മാതാവിന് ഒരു മരം' എന്ന പരിപാടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ തുടക്കമിട്ടു.
- ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ അയർലാന്റിനെ നേരിടും.

## വാർത്തകൾ വിശദമായി

**കേന്ദ്ര ഗവൺമെന്റ് രൂപീകരണം ചർച്ച ചെയ്യാനും തുടർ നടപടികൾ തീരുമാനിക്കാനും NDA, ഇൻഡി സഖ്യം യോഗങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ ചേരും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാം NDA ഗവൺമെന്റ് രൂപീകരിക്കാനാണ്**

മുന്നണിയുടെ നീക്കം. TDP നേതാവ് ചന്ദ്രബാബു നായിഡുവും JDU നേതാവ് നിതീഷ് കുമാറും ഇന്നത്തെ യോഗത്തിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

543 അംഗ സഭയിൽ 292 സീറ്റിൽ വിജയിച്ച NDA കേവല ഭൂരിപക്ഷം നേടിയിട്ടുണ്ട്. BJP യ്ക്ക് മാത്രം ലഭിച്ച സീറ്റുകളുടെ എണ്ണം 240 ആണ്. സഖ്യ കക്ഷികളായ തെലുഗുദേശത്തിന് 16 സീറ്റും JDU-ന് 12 സീറ്റും ലഭിച്ചു.

ഗവൺമെന്റ് രൂപീകരണ സാധ്യത ചർച്ച ചെയ്യാൻ ഇൻഡി സഖ്യവും വൈകിട്ട് ഡൽഹിയിൽ യോഗം ചേരും. സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും സഖ്യ കക്ഷി നേതാക്കളും കോൺഗ്രസ് അധ്യക്ഷൻ  മല്ലികാർജുൻ ഖാർഗെയുടെ വീട്ടിൽ ചേരുന്ന യോഗത്തിൽ പങ്കെടുക്കും. ഇൻഡി മുന്നണിക്ക് 233 സീറ്റുണ്ട്. കോൺഗ്രസ് 99 സീറ്റും സമാജ്-വാദി പാർട്ടി 37 സീറ്റും തൃണമൂൽ കോൺഗ്രസ് 29 സീറ്റും നേടി. DMK-ക്ക് 22 സീറ്റുമുണ്ട്.

✪✪✪

TDP-ക്ക് ചരിത്ര വിജയം നേടിക്കൊടുത്ത ജനങ്ങൾക്ക് നന്ദി അറിയിക്കുന്നതായി തെലുഗുദേശം നേതാവ് N. ചന്ദ്രബാബു നായിഡു ആന്ധ്രാ പ്രദേശിലെ അമരാവതിയിൽ പറഞ്ഞു. NDA യോഗത്തിൽ പങ്കെടുക്കാൻ ന്യൂഡൽഹിയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ഭരണം പിടിച്ചെടുത്ത തെലുഗുദേശം 175 അംഗ നിയമസഭയിൽ 135 സീറ്റും നേടിയിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ 16 സീറ്റും അവർ നേടി. തെലുഗുദേശത്തിന്റെയും ജനസേനയുടെയും

BJP-യുടെയും ഒറ്റക്കെട്ടായ പ്രവർത്തനമാണ് വിജയം സമ്മാനിച്ചതെന്ന് നായിഡു വിശദീകരിച്ചു.

✪✪✪

NDA യോഗത്തിൽ പങ്കെടുക്കാൻ ബീഹാർ മുഖ്യമന്ത്രിയും JDU പ്രസിഡന്റുമായ നിതീഷ് കുമാറും ഡൽഹിയിലേക്ക് തിരിച്ചു. പാർട്ടി നേതാക്കളായ രാജീവ് രഞ്ജൻ സിംഗും മറ്റ് നേതാക്കളും അദ്ദേഹത്തോടൊപ്പമുണ്ട്. LJP നേതാവ് ചിരാഗ് പസ്വാനും NDA യോഗത്തിൽ പങ്കെടുക്കും.

✪✪✪

കേരളത്തിലെ തിരഞ്ഞെടുപ്പ് പരാജയം പരിശോധിക്കുമെന്ന് CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു. കൂടുതൽ സീറ്റുകൾ പ്രതീക്ഷിച്ചിരുന്നുവെന്നും നിർഭാഗ്യവശാൽ B.J.P അക്കൗണ്ട് തുറന്നുവെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഗവൺമെന്റ് രൂപീകരണത്തിൽ എടുത്തുചാടി തീരുമാനമെടുക്കില്ലെന്ന് AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ പറഞ്ഞു. വൈകിട്ട് ചേരുന്ന ഇൻഡി സഖ്യ യോഗത്തിൽ മറ്റ് പാർട്ടികളുടെ അഭിപ്രായം തേടുമെന്നും വേണുഗോപാൽ പറഞ്ഞു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ തുടർച്ചയായ മൂന്നാം വിജയം നേടിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും പാർട്ടിയെയും ലോക നേതാക്കൾ അഭിനന്ദിച്ചു. ഇറ്റലി, മൗറീഷ്യസ്, ഭൂട്ടാൻ, നേപ്പാൾ, മാലിദ്വീപ്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കൾ വിജയത്തിൽ അഭിനന്ദനം അറിയിച്ചു.

✪✪✪

ഇന്ന് ലോക പരിസ്ഥിതി ദിനം. 'ഭൂമി പുനഃസ്ഥാപിക്കൽ- മരുവൽക്കരണം, വരൾച്ച പ്രതിരോധം' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1973 മുതൽ ദിനാചരണം ആരംഭിച്ചത്.

കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് കൃഷി രീതി ചിട്ടപ്പെടുത്തുന്നതിനും, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം ലക്ഷ്യമിടുന്നത്.

✪✪✪

ലോക പരിസ്ഥിതി ദിനത്തിൽ സുസ്ഥിരതയിൽ അധിഷ്ഠിതമായ മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കാൻ കൂട്ടായ ശ്രമങ്ങൾ നടത്തണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങളോട് ആവശ്യപ്പെട്ടു. ഭൂമി മാതാവിനെ സംരക്ഷിക്കുക

എന്നത് മൗലികമായ ഉത്തരവാദിത്തമാണെന്നും അവർ സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പരിസ്ഥിതി ദിനത്തിൽ ജനങ്ങൾക്ക് ആശംസ നേർന്നു. മനുഷ്യത്വവും പ്രകൃതിയും തമ്മിലെ ഐക്യമാണ് സുസ്ഥിര ജീവിതത്തിന്റെ അടിസ്ഥാനമെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുകയെന്നത് സുസ്ഥിര ജീവിതത്തിന്റെ അടിത്തറയാണെന്ന് ധൻകർ പറഞ്ഞു.

✪✪✪

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി *'ഭൂമി മാതാവിന് ഒരു മരം'* എന്ന പ്രചാരണത്തിന് തുടക്കമിട്ടു. ന്യൂ ഡൽഹിയിലെ ബുദ്ധ ജയന്തി പാർക്കിൽ പ്രധാനമന്ത്രി മരത്തൈ നട്ടു. രാജ്യത്ത് കോടിക്കണക്കിന് മരങ്ങൾ നട്ടു പിടിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

✪✪✪

നയരൂപീകരണത്തിലും നിർവഹണത്തിലും വിപുലമായ ആസൂത്രണവും ഇടപെടലുകളും നടത്തിക്കൊണ്ടു മാത്രമേ ഭൂമിയുടെ തരിശുവൽക്കരണം തടയാൻ സാധിക്കുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഫേസ്ബുക്കിൽ കുറിച്ചു. പൊതുജന പങ്കാളിത്തത്തിലൂന്നിയ നടപടികൾ ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. ഹരിതകേരളം മിഷന്റെ കീഴിൽ നദികളുടെ ഒഴുക്ക് സുഗമമാക്കുന്നതിനും മഴവെള്ളം സംഭരിക്കാനും മാലിന്യങ്ങൾ സംഭരിക്കാനും

നടത്തുന്ന ഇടപെടലുകൾ ഈ നിലയിൽ ശ്രദ്ധേയമാണെന്ന് മുഖ്യമന്ത്രി വിലയിരുത്തി.

ചുറ്റുപാടുകളെ കുത്തക മൂലധനത്തിന്റെ ആർത്തി പൂണ്ട കയ്യേറ്റങ്ങളിൽ നിന്ന് പ്രതിരോധിച്ച് കൂടുതൽ സന്തുലിതമായ ആവാസവ്യവസ്ഥ നിലനിർത്താനാവണമെന്നും ഈ ലോക പരിസ്ഥിതി ദിനം അതിന് ഊർജം പകരട്ടെയെന്നും മുഖ്യമന്ത്രി കുറിച്ചു.

✪✪✪

പച്ചതുരുത്ത് വ്യാപന പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഇന്ന് 37 ഇടങ്ങളിലായി പുതുതായി പച്ചതുരുത്ത് ഒരുക്കും. 24 തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പച്ചതുരുത്ത് ഒരുക്കുന്നത്. ജില്ലയിൽ ആകെ 263 ഏക്കർ ഭുമയിലായി 147 പച്ചത്തുരുത്തുകൾ വളരുന്നുണ്ട്.

ഇരിട്ടി നഗരസഭയിലെ എടക്കാനം റിവർവ്യൂ പാർക്ക് പോയിന്റിലെ ഒരേക്കറിലാണ് ഇന്ന് വിവിധ വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുക.

✪✪✪

പച്ചത്തുരുത്തുകൾ വികസിപ്പിച്ചും കാർബൺ സന്തുലിതാവസ്ഥ ഉറപ്പാക്കിയും ഇന്നുമുതൽ ഒരുവർഷം കോഴിക്കോട് ജില്ലാ ഹരിതകേരള മിഷൻ പരിസ്ഥിതി വർഷം ആചരിക്കും. കോഴിക്കോട് ജില്ലാ തല ഉദ്ഘാടനം വടകര മണിയൂർ ജവഹർ നവോദയ വിദ്യാലയത്തിൽ K.P കുഞ്ഞഹമ്മദ് കുട്ടി MLA നിർവഹിച്ചു.

വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങൾ സംരക്ഷിക്കാൻ മലബാർ ബോട്ടാണിക്കൽ ഗാർഡനുമായി ചേർന്ന് മലബാർ ബോട്ടാണിക്കൽ ഗാർഡനിൽ ഗ്രീൻ കേരള പദ്ധതിയുടെ ഭാഗമായി ഇത്തരം മരങ്ങളുടെ തൈകൾ തയ്യാറാക്കുന്നുണ്ട്. ജില്ലയിലെ 105 പച്ചത്തുരുത്തുകളിൽ ഇവ നട്ടു വളർത്തും.

✪✪✪

സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. മികച്ച പരിസ്ഥിതി സംരക്ഷകനു നൽകുന്ന പുരസ്കാരത്തിന് മണലിൽ മോഹനനും, കേരള സർവകലാശാല പരിസ്ഥിതി ശാസ്ത്രം പ്രൊഫസർ ഡോ.സാബു ജോസഫും അർഹരായി.

പരിസ്ഥിതി മാധ്യമ പ്രവർത്തക പുരസ്കാരത്തിന് ദീപിക ബ്യൂറോ ചീഫ് റെജി ജോസഫും, കൈരളി ന്യൂസ് എഡിറ്റർ K. രാജേന്ദ്രനും അർഹരായി. പരിസ്ഥിതി സംരക്ഷണ സ്ഥാപന പുരസ്കാരത്തിന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും തദ്ദേശ സ്വയംഭരണ സ്ഥാപന പുരസ്കാരത്തിന് വടക്കാഞ്ചേരി മുൻസിപ്പാലിറ്റിയും അർഹരായി.

✪✪✪

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന കൃഷിവകുപ്പ് വാർഡ്തലത്തിൽ നടപ്പിലാക്കുന്ന ഫലവൃക്ഷത്തൈ നടീൽ പരിപാടിക്ക് തുടക്കമായി.

സംസ്ഥാനതല ഉദ്ഘാടനം ക്ലിഫ്ഹൗസ് കോമ്പൗണ്ടിൽ വൃക്ഷ തൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് തലത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഫലവൃക്ഷതൈകൾ നടും.

ദിനാചരണത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കുന്ന ഹരിതം സഹകരണം പദ്ധതിയുടെ രണ്ടാം വർഷ സംസ്ഥാനതല ഉദ്ഘാടനവും ഇന്ന് നടക്കും.

✪✪✪

CPIM-ന് ഒരു സമൃദ്ധിയും നഷ്ടപ്പെട്ടിട്ടില്ലെന്നും തോൽവി സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ തിരുത്തലുകൾ നടത്തുമെന്നും CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ തിരുവനന്തപുരത്ത് പറഞ്ഞു. പരാജയം CPIM സമ്മതിക്കുന്നുവെന്നും എന്നാൽ പാർട്ടിയുടെ അടിത്തറ വളരെ ശക്തമായി തന്നെ നിലനിൽക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തൃശൂരിൽ LDF-ന് വോട്ട് കൂടുകയാണ് ചെയ്തത്. എന്നാൽ UDFന് 86,000 വോട്ട് കുറഞ്ഞു.

BJP-ക്കെതിരെ രാജ്യത്തുണ്ടായ ജനവിധിയാണ് ഇന്നലെ പ്രകടമായത്. കോൺഗ്രസിന്റെ വോട്ടാണ് തൃശ്ശൂരിൽ BJP-യ്ക്ക് ലഭിച്ചതെന്നും M.V ഗോവിന്ദൻ പറഞ്ഞു.

✪✪✪

വിമർശനങ്ങളും പരാതികളും ചർച്ച ചെയ്യേണ്ടത് പാർട്ടിക്ക് അകത്താണെന്ന് ആലത്തൂരിലെ UDF സ്ഥാനാർത്ഥി രമ്യ

ഹരിദാസ് പറഞ്ഞു. പരാജയത്തിൽ ഉത്തരവാദിത്വമില്ലെന്ന DCC പ്രസിഡന്റ് A. തങ്കപ്പന്റെ മാധ്യമ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു രമ്യ ഹരിദാസ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഭക്തജന തിരക്കേറി. നാളെയാണ് രോഹിണി ആരാധന. ഈ മാസം 13 വരെയാണ് സ്ത്രീകൾക്ക് പ്രവേശനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.........

.....വോയ്സ്.........

✪✪✪

ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ അയർലാന്റിനെ നേരിടും. രാത്രി എട്ടിന് ന്യൂയോർക്കിലാണ് മത്സരം.

ഇന്നലെ ടെക്സാസിൽ നെതർലാന്റ്സ്, നേപ്പാളിനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തി.

ഇംഗ്ലണ്ട്-സ്കോട്ട്ലാന്റ് മത്സരം മഴമൂലം ഉപേക്ഷിച്ചു.

✪✪✪

സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള - കർണാടക തീരങ്ങളിൽ നാളെ മുതൽ ശനിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

ലക്ഷദ്വീപ് തീരത്തും മീൻ പിടുത്തത്തിന് വിലക്കുണ്ട്.

✪✪✪

സംസ്ഥാനത്ത് ഈ വർഷം മുതൽ ഓൺലൈനായി നടത്തുന്ന കീം എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾ ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. വിവിധ കേന്ദ്രങ്ങളിലായാണ് പരീക്ഷ നടക്കുന്നത്.

ഞായറാഴ്ച വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കു പ്രവേശന പരീക്ഷ. ഫാർമസി പരീക്ഷയ്ക്ക് മാത്രമായി പ്രവേശന പരീക്ഷ തിങ്കളാഴ്ച ഉച്ചയ്ക്ക് 3.30 മുതൽ അഞ്ച് വരെ നടക്കും.

✪✪✪

സ്വർണവില കുറഞ്ഞു. 160 രൂപ കുറഞ്ഞ് പവന് 53,280 രൂപയായി. 6,660 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪